## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4638 13/11/2019 -ലെ മറുപടിക്ക്.

### തൊഴിൽ വകുപ്പിനു കീഴിലുള്ള ബോർഡുകളിലെ നിയമനം

ചോദ്യം

**ശ്രീ.സണ്ണി ജോസഫ്**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിനു കീഴിലുള്ള ഏതൊക്കെ ബോർഡുകളിലാണ് നിലവിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതെന്ന് അറിയിക്കാമോ ; | (എ) | തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളുണ്ട്. അവയിൽ കേരള കള്ള് ചെത്ത് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എന്നീ ബോർഡുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നു. |
| (ബി) | പി.എസ്.സി വഴി നിയമനം നടത്താത്ത ബോർഡുകൾ ഏതൊക്കെയാണെന്നും ഓരോ ബോർഡിലും നിലവിൽ എത്ര ജീവനക്കാർ വീതമുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) | പി.എസ്.സി വഴി നിയമനം നടത്താത്ത ബോർഡുകളുടെ പേരും നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പി.എസ്.സി വഴി നിയമനം നടത്താത്ത ബോർഡുകളിലെ ജീവനക്കാരുടെ നിയമനം എപ്രകാരമാണ്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താറുണ്ടോയെന്ന് അറിയിക്കാമോ ; | (സി) | പി.എസ്.സി വഴി നിയമനം നടത്താത്ത ബോർഡുകളിൽ, ഭൂരിഭാഗം ജീവനക്കാരെയും അന്യത്ര സേവന വ്യവസ്ഥയിലാണ് നിയമിക്കുന്നത്. കൂടാതെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയും ദിവസ വേതനാടിസ്ഥാനത്തിലും, കരാർ അടിസ്ഥാനത്തിലും നിയമനം നടത്തുന്നു. |

| | | | |
|---|---|---|---|
| (ഡി) | എല്ലാ ബോർഡുകളിലും സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; | (ഡി) & (ഇ) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകൾ ഒഴികെ മറ്റെല്ലാ ബോർഡുകളിലും സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br>സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിച്ച് സ്ഥിരം നിയമനം നടത്തിയാൽ ഭരണച്ചെലവ് അധികരിക്കുകയും ബോർഡിനു നിലനിൽക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്യും. അത്തരം ബോർഡുകളിൽ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| (ഇ) | എല്ലാ ബോർഡുകളിലും സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിച്ച് നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നമ്പർ | ബോർഡിന്റെ പേര് | എണ്ണം. |
|---|---|---|
| 1 | കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 9 |
| 2 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 2 |
| 3 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 14 |
| 4 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 11 |
| 5 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 10 |
| 6 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 99 |
| 7 | കേരള കള്ളുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 34 |
| 8 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 120 |
| 9 | കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 66 |
| 10 | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 64 |
| 11 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 26 |
| 12 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 25 |

സെക്ഷൻ ഓഫീസർ